# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 25

04/02/2013 - ൽ മറുപടിയ്ക്ക്

# വനിതാ ഹെൽപ്പ് ലൈനുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. പി. എ. മാധവൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) എല്ലാ ജില്ലകളിലും വനിതാ ഹെൽപ്പ് ലൈനുകൾ രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. എല്ലാ ജില്ലാ പോലീസ് കൺട്രോൾ റൂമുകളിലും വനിതാ ഹെൽപ്പ് ലൈനുകൾ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും ചുമതലകളും എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>(സി) ഇവയുടെ പ്രവർത്തനം വിശദീകരിക്കുമോ ; | (ബി) & (സി) സ്ത്രീകളുടെയും കുട്ടികളുടെയും പരാതികൾ സ്വീകരിക്കുക, സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുക, അവ കണ്ടുപിടിക്കുക, പൊതുസ്ഥലങ്ങളിൽ സ്ത്രീകളുടെ സുരക്ഷിത സഞ്ചാരം ഉറപ്പുവരുത്തുക, ഏത് അടിയന്തിര ഘട്ടത്തിലും സ്ത്രീകൾക്ക് സഹായം ഉറപ്പ് വരുത്തുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് വനിതാ ഹെൽപ്പ് ലൈനുകൾ പ്രവർത്തിക്കുന്നത്. ഈ സഹായം 24 മണിക്കൂറും ലഭ്യമാക്കുന്നതിനായാണ് എല്ലാ ജില്ലാ കൺട്രോൾ റൂമുകളിലും വനിതാ ഹെൽപ്പ് ലൈനുകൾ പ്രവർത്തിക്കുന്നത്.<br>ടെലിഫോണിലൂടെയോ, നേരിട്ടോ ലഭിക്കുന്ന പരാതിയിന്മേൽ ഉടൻ ബന്ധപ്പെട്ട സ്ഥലത്ത് ചെന്ന് അടിയന്തിര സഹായം നൽകുക, പോലീസ് സ്റ്റേഷൻ മുഖേന നടപടി ആവശ്യമുള്ള പരാതികൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ അറിയിക്കുക, വളരെ ഗൗരവതരമായ കുറ്റകൃത്യമാണെങ്കിൽ നേരിട്ട് ഡി.വൈ.എസ്.പി/ എസ്.പി യെ അറിയിക്കുക, ഗാർഹികമായ പീഡന കാര്യത്തിൽ ജില്ലാ പ്രൊബേഷൻ ഓഫീസർമാരെ വിവരം അറിയിക്കുകയും നിയമ സഹായം ഉറപ്പുവരുത്തുകയും ചെയ്യുക, മാനസിക ബുദ്ധിമുട്ട് അനുഭവപ്പെടുന്ന സ്ത്രീകൾക്ക് വനിതാ കൗൺസിലർമാരുടെ നേതൃത്വത്തിൽ കൗൺസിലിങ് നൽകുക, നിരാശ്രയരായ സ്ത്രീകളെയും മറ്റും |

സുരക്ഷിതമായ കേന്ദ്രങ്ങളിൽ താമസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയവയാണ് വനിതാ ഹെൽപ്പ് ലൈനുകളുടെ ചുമതലകളും പ്രവർത്തനങ്ങളും കൊണ്ട് വിവക്ഷിക്കപ്പെടുന്നത്. കൂടാതെ സ്ത്രീകൾക്ക് നിയമ സഹായം നൽകുന്നതിന് സഹായകരമാകുന്ന ഏജൻസി / ഓഫീസർ / സ്ഥാപനങ്ങൾ എന്നിവയുടെ ടെലഫോൺ നമ്പരുകൾ എല്ലാവർക്കും കാണത്തക്കവിധം വനിതാ ഹെൽപ്പ് ലൈനുകളിൽ എഴുതി പ്രദർശിപ്പിച്ചിട്ടുമുണ്ട്.

(ഡി) ഹെൽപ്പ് ലൈനിൽ ലഭിക്കുന്ന സന്ദേശങ്ങൾക്കും പരാതികൾക്കും പരിഹാരം കാണാൻ എന്തെല്ലാം സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

വനിതാ ഹെൽപ്പ് ലൈനുകളിലേയ്ക്ക് പരാതികളും സന്ദേശങ്ങളും നൽകുന്നതിനായി 1091 എന്ന ടോൾ ഫ്രീ നമ്പർ നിലവിലുണ്ട്. വനിതാ ഹെൽപ്പ് ലൈനുകളിൽ ലഭിക്കുന്ന സന്ദേശങ്ങൾക്കും പരാതികൾക്കും പരിഹാരം ഉറപ്പുവരുത്തുന്നതിനും അതുവഴി സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനുമായി ബസ് സ്റ്റാന്റ്, റെയിൽവെ സ്റ്റേഷൻ തുടങ്ങിയ തിരക്കുള്ള എല്ലാ സ്ഥലങ്ങളിലും ഷാഡോ പട്രോൾ മുതലായ പ്രവർത്തനങ്ങൾ വഴി സദാ സമയവും പോലീസ് സേവനം ഉറപ്പു വരുത്തുന്നുണ്ട്. ഹെൽപ്പ് ലൈനുകളിൽ ലഭിക്കുന്ന പരാതികൾ ഉടൻ തന്നെ ബന്ധപ്പെട്ട സ്ഥലത്തെ പോലീസുദ്യോഗസ്ഥരെ വയർലസ് സന്ദേശം മുഖേന അറിയിക്കുകയും നിയമസഹായം ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഇതിനായി സൈബർ സെല്ലുകളുടെയും പട്രോളിങ് വാഹനങ്ങളുടെയും സേവനം ഉപയോഗിച്ചു വരുന്നു. പോലീസ് സ്റ്റേഷൻ മുഖേന പരിഹരിക്കേണ്ട പരാതികൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളെ അറിയിക്കുകയും ഗുരുതരമായ കുറ്റകൃത്യങ്ങളാണെങ്കിൽ ബന്ധപ്പെട്ട ഡി.വൈ.എസ്.പി/എസ്.പി എന്നിവരെ അറിയിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ സ്കൂൾ കോളേജ് കുട്ടികൾക്കും സ്ത്രീകൾക്കും ബോധവൽക്കരണം നടത്തുന്നതിനായി ബന്ധപ്പെട്ട ഏജൻസികളുടെ സഹായം ലഭ്യമാക്കുന്നുമുണ്ട്.

സെക്ഷൻ ഓഫീസർ